**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്-2018-19 സാമ്പത്തിക വർഷത്തെ ശബരിമല തീർത്ഥാടനത്തോടനുബന്ധിച്ച മുന്നൊരുക്കങ്ങൾക്കായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സ്പെഷ്യൽ ഗ്രാന്റ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

## തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്

സ.ഉ.(സാധാ.) നം. 2949/2018/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 19.11.2018

പരാമർശം:- 1. പഞ്ചായത്ത് ഡയറക്ടറുടെ 23.07.2018 തീയതിയിലെ J1-35974 നമ്പർ കത്ത്.
2. സ.ഉ.(സാധാ) നം. 2615/2018 ത.സ്വ.ഭ.വ . തീയതി 11.10.2018.

**ഉത്തരവ്**

2018-19 സാമ്പത്തിക വർഷത്തെ ശബരിമല തീർത്ഥാടനത്തോടനുബന്ധിച്ച മുന്നൊരുക്കങ്ങൾക്കായി നടപ്പ സാമ്പത്തിക വർഷം "2515-00-198-34 ശബരിമല തീർത്ഥാടനത്തിനുള്ള പ്രത്യേക ഗ്രാന്റ് (Non Plan)" എന്ന ശീർഷകത്തിൽ ഗ്രാമപഞ്ചായത്തുകൾക്ക് വകയിരുത്തിയിട്ടുള്ള 2.20 കോടി രൂപയിൽ സൂചന (2) പ്രകാരം അനുവദിച്ച 2 കോടി രൂപ കഴിച്ച് ബാക്കിയുള്ള 20 ലക്ഷം രൂപ താഴെ പറയുന്ന ഗ്രാമപഞ്ചായത്തുകൾക്ക് അനുവദിച്ച് നൽകുന്നതിന് പഞ്ചായത്ത് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ഗ്രാമപഞ്ചായത്ത് | ജില്ല | തുക |
|---|---|---|
| കോഴഞ്ചേരി | പത്തനംതിട്ട | Rs. 5,00,000 |
| കരുണാപുരം | ഇടുക്കി | Rs. 5,00,000 |
| ഏലപ്പാറ | ഇടുക്കി | Rs. 10,00,000 |
| | **ആകെ** | **Rs. 20,00,000** |

പഞ്ചായത്ത് ഡയറക്ടർ പ്രസ്തുത ഗ്രാന്റ് ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്തുകൾക്ക് മാറി നൽകുവാൻ വേണ്ട സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാർ പ്രസ്തുത ഗ്രാന്റ് ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട ആവശ്യങ്ങൾക്കായി മാത്രമാണ് ഉപയോഗിക്കുന്നതെന്ന് ഉറപ്പാക്കേണ്ടതും, വകുപ്പ് തലവൻമാർക്ക് ധനവിനിയോഗ സാക്ഷ്യപത്രം നൽകേണ്ടതുമാണ്. ഇത്തരത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമായ തുക പെർഫോർമൻസ് ഓഡിറ്റ് വിഭാഗവും സംസ്ഥാന ഓഡിറ്റ് വകുപ്പും പ്രത്യേകം പരിശോധിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)

**ബീനമോൾ കെ ജെ**

**ഡെപ്യൂട്ടി സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ കളക്ടർ, പത്തനംതിട്ട, ഇടുക്കി.
ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർക്ക് ( പഞ്ചായത്ത് ഡയറക്ടർ മുഖാന്തരം).
റീജിയണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യ വകുപ്പ്, കൊല്ലം.
അക്കൗണ്ടന്റ് ജനറൽ, (എ&ഇ / ആഡിറ്റ്/എൽബിഎ &എ) കേരള, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്.
റവന്യൂ (ദേവസ്വം) വകുപ്പ്.
ഡയറക്ടർ, സ്റ്റേറ്റ് ആഡിറ്റ് ഡിപ്പാർട്ടുമെന്റ്, തിരുവനന്തപുരം.
എക്സി. ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
റീജിയണൽ പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, കൊല്ലം റീജിയൺ, കൊല്ലം.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ